# Malayala Manorama

## 14 August 2018

## Kochi: Flood Relief



പ്രളയബാധിതർക്കായി ശേഖരിച്ച കിറ്റുകൾക്കൊപ്പം ഗിഗിൾസ് ആൻഡ് സ്ക്രിബിൾസ് പ്ലേസ്കൂളിലെ കുരുന്നുകൾ.

# സഹായവുമായി കുരുന്നുകൾ

### ഓണാഘോഷം ഒഴിവാക്കി പനമ്പിള്ളി നഗർ ഗിഗിൾസ് ആൻഡ് സ്ക്രിബിൾസ് പ്ലേസ്കൂൾ

കൊച്ചി ● മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കു സഹായവുമായി പനമ്പിള്ളി നഗർ ഗിഗിൾസ് ആൻഡ് സ്ക്രിബിൾസ് പ്ലേ സ്കൂളിലെ കുരുന്നുകൾ. ഇത്തവണത്തെ ഓണം ആഘോഷങ്ങൾ മാറ്റിവച്ചാണു കുരുന്നുകൾ ദുരിത ബാധിതർക്കുള്ള അവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തത്.

ടൂത്ത്പേസ്റ്റ്, സോപ്പ് തുടങ്ങി നിത്യജീവിതത്തിൽ ഏറ്റവും ആവശ്യമായ സാധനങ്ങളാണ് അൻപൊടു കൊച്ചി എൻജിഒയുടെ കലക്ഷൻ സെന്ററായ കടവന്ത്ര രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ എത്തിച്ചു നൽകിയത്. കേടാകാത്ത ഭക്ഷ്യവസ്തുക്കളാണു കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അമ്മമാർക്കൊപ്പം എന്ന പ്രതിവർഷ ഓണപ്പരിപാടി വേണ്ടെന്നു വച്ചപ്പോൾ കുരുന്നുകൾക്കൊപ്പം അമ്മമാരും കാരുണ്യപ്രവർത്തനത്തിൽ പങ്കാളികളായി.

ആലപ്പാട്ട് സൂപ്പർ ഷോപ്പിയിൽ എല്ലാ പർച്ചേസുകൾക്കും
സ്വർണ്ണനാണയങ്ങൾ സൗജന്യം*
കൂടാതെ UP TO 90%* വിലക്കിഴിവും
LED 32" (81cm)
Offer Price:
Whirlpool